


# രക്ഷകനെ കാത്തിരുന്ന ജനം

5

**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.**

പാഠം 14

# ഇസ്രായേലിലെ പ്രവാചകൻമാർ



ദൈവത്തെ മറന്നു പ്രവർത്തിക്കാൻ തുടങ്ങിയ ഇസ്രായേൽക്കാരെ ദൈവത്തിങ്കലേക്കു തിരിച്ചുകൊണ്ടു വരുവാൻ നിയോഗിക്കപ്പെട്ടവരാണു പ്രവാചകന്മാർ.

പ്രവാചകൻ – ദൈവത്തിനുവേണ്ടി സംസാരിക്കുന്ന വ്യക്തി.

# ഇസ്രായേലിലെ പ്രവാചകർ

**വലിയ പ്രവാചകൻമാർ**

ഏശയ്യ, ജറെമിയാ, എസക്കിയേൽ, ദാനിയേൽ

**ചെറിയ പ്രവാചകർ**

ഹോസിയ, ജോയേൽ, ആമോസ്, ഒബാദിയ, യോനാ, മിക്ക, നാഹും, ഹബക്കുക്ക്, സെഫാനിയ, ഹഗ്ഗായി, സഖറിയ, മലാക്കി

**മറ്റുപ്രാധാനികൾ**

ഏലിയ, ഏലീഷാ

# പ്രധാനപ്പെട്ട പ്രവാചകൻമാർ:

1. ഏലിയ: ബാൽദേവനെ ആരാധിച്ച ഇസ്രായേൽ ജനത്തെ ദൈവത്തിങ്കലേക്കു തിരിച്ചുവരാൻ ഉദ്ബോധിപ്പിച്ചു.

   ഏലിയായുടെ ശിഷ്യൻ, ഏലീഷ

2. ഏശയ്യ – രക്ഷകന്റെ ആഗമനം പ്രവചിച്ചു. ദൈവത്തെ അവഗണിക്കുന്ന ജനത്തെ ചിത്രീകരിച്ചു. ദൈവസ്നേഹം, മാനസാന്തരം, പ്രത്യാശയുടെ ദിനങ്ങൾ – മറ്റു ചിന്തകൾ

3. ജറെമിയ– അടിമത്വത്തെക്കുറിച്ച് മുന്നറിയിപ്പു നല്കി.

ജനങ്ങളുടെ ധാർമ്മിക അധഃപതനത്തിനും സമൂഹത്തിലെ അനീതിക്കുമെതിരെ പ്രസംഗിച്ചു.

4. ഏസക്കിയേൽ– ബാബിലോൺ അടിമത്വത്തിൽ കഴിഞ്ഞ ജനത്തെ പ്രത്യാശയിലേക്കു നയിച്ചു. പ്രതീകങ്ങൾ, ഉപമകൾ, അടയാളങ്ങൾ എന്നിവ ഉപയോഗിച്ചു പഠിപ്പിച്ചു.

# സഭാപ്രബോധകർ

പുതിയനിയമ ജനതയായ സഭയ്ക്കു മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നവർ

ഇരണേവൂസ്, സിപ്രിയാൻ, അംബ്രോസ്, അഗസ്റ്റിൻ, ബേസിൽ, അത്തനേഷ്യസ്, അപ്രേം, ജെറോം, ജോൺ ക്രിസോസ്തോം

ആധുനിക കാലത്തു ജനങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കാനും, സംശയങ്ങൾ അകറ്റാനും മാർപാപ്പമാർ തിരുവെഴുത്തുകൾ പുറപ്പെടുവിക്കുന്നു.



# നമുക്കു പ്രാർത്ഥിക്കാം

പ്രവാചകരേയും പ്രബോധകരേയും നൽകി അനുഗ്രഹിച്ച ദൈവമേ, തിരുസഭാധികാരികളിലൂടെ അങ്ങു നൽകുന്ന നിർദ്ദേശങ്ങൾ അനുസരിക്കുവാൻ ഞങ്ങളെ സഹായിക്കണമേ



# നമുക്കു പാടാം

പ്രവാചകന്മാരിസ്രേൽജനതയെ
നേരെനയിച്ചല്ലോ
പ്രബുദ്ധരാക്കീ ദൈവവേഷ്ടത്തിൽ
ധർമ്മത്തികവോടെ

കുറഞ്ഞുതെറ്റുകളതിനാൽ, ദൈവിക
വെളിപാടറിയുകയാൽ
നിറഞ്ഞു കൃപയുടെ വാരൊളിയെങ്ങും
ജീവിതവീഥികളിൽ

അനീതിനിറയും ഹൃദയംതോറും
നീതികൊളുത്തിടുവാൻ
അതുല്യഭാഗ്യം പ്രവാചകന്മാർ-
ക്കരുളീസകലേശൻ.

തിരിച്ചുവരുവാനിടനല്കുകയായ്
പാപം ചെയ്യുകയിൽ
സ്മരിച്ചു ദൈവികദാനവരങ്ങൾ
പരിചൊടു ജനവൃന്ദം

# ദൈവവചനം വായിക്കാം, വിവരിക്കാം

**കർത്താവു തന്നെ ദൈവം എന്നു തെളിക്കുന്നതിനായി ഏലിയ പ്രവാചകൻ പ്രവർത്തിച്ച അത്ഭുതം വിവരിച്ചുപറയുക (1 രാജാക്കൻമാർ 18:20–40)**

# വഴികാട്ടാൻ ഒരു തിരുവചനം

**‘തിന്മയെ വെറുക്കുവിൻ നന്മയെ സ്നേഹിക്കുവിൻ നഗരകവാടത്തിൽ നീതി സ്ഥാപിക്കുവിൻ’**

**(ആമോസ് 5:15)**

## എന്റെ തീരുമാനം

**ദൈവത്തിന്റെ വഴികൾ എനിക്കു വിശദമാക്കിത്തരുന്ന സഭാപ്രബോധനങ്ങൾ ഞാനനുസരിക്കും.**

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* ദൈവത്തിനുവേണ്ടി സംസാരിക്കുന്നവരാണു പ്രവാചകന്മാർ.

* സഭയെ പഠിപ്പിക്കുന്നവരാണു സഭാപ്രബോധകർ.



# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* പ്രവാചകന്മാരെ നൽകിയ ദൈവത്തിനു നാം നന്ദിയർപ്പിക്കേണ്ടതാണ്.

* സഭാപ്രബോധകരെക്കുറിച്ചു കൂടുതൽ കാര്യങ്ങൾ നാം ഗ്രഹിക്കേണ്ടതാണ്.



# സ്വന്തമാക്കേണ്ട ശീലങ്ങൾ

* സഭാപ്രബോധനങ്ങൾ ഞാൻ അനുസരിക്കും.




THANK
YOU